**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് – കണ്ണൂർ സിറ്റി ദീനുൽ ഇസ്ലാം സഭ ഹയർ സെക്കൻഡറി സ്കൂളിലെ അറബിക് അധ്യാപിക ശ്രീമതി ഷഹബാസ് പി.യുടെ സേവനഭംഗം ഒഴിവാക്കി നിയമനാംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3148/2026/GEDN തീയതി,തിരുവനന്തപുരം, 08-05-2026

---

പരാമർശം:-

1. ദീനുൽ ഇസ്ലാം സഭ ഹയർ സെക്കൻഡറി സ്കൂൾ മാനേജർ സമർപ്പിച്ച 17/03/2025 ലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.06.2025 ലെ ഡി.ജി.ഇ/ 7539/2025-ഇ.എം.4 നമ്പർ റിപ്പോർട്ട്.
3. സ.ഉ.(കൈ)നം.275/2021/പൊ.വി.വ തീയതി 06.12.2021
4. സ.ഉ.(പി)നം. 07/2022/പൊ.വി.വ. തീയതി.20.06.2022.

**ഉത്തരവ്**

കണ്ണൂർ സിറ്റി ദീനുൽ ഇസ്ലാം സഭ ഹൈസ്കൂളിൽ 02.01.2022 മുതൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) ആയി ജോലി ചെയ്തുവരികയായിരുന്ന ശ്രീമതി ഷഹബാസ് പി.യുടെ നിയമനാംഗീകാരം, 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിലെ മാറ്റങ്ങൾ കാരണം 14.07.2023 വരെയായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിമിതപ്പെടുത്തുകയുണ്ടായെന്നും യു.പി വിഭാഗത്തിൽ തസ്തിക നഷ്ടപ്പെടുകയും ഹൈസ്കൂൾ വിഭാഗത്തിൽ കുട്ടികളുടെ വർദ്ധനവ് അനുസരിച്ച് എച്ച്.എസ്.ടി (അറബിക്) തസ്തിക അനുവദിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിലാണിതെന്നും തുടർന്ന് 20.11.2023 മുതൽ സ്കൂളിലെ സീനിയർ അധ്യാപകനായ ശ്രീ. മുഹമ്മദ് എം.കെ.പി.ക്ക് എച്ച്.എസ്.ടി ആയി പ്രമോഷൻ ലഭിച്ച ഒഴിവിലേക്ക് ശ്രീമതി ഷഹബാസിനെ പുനർക്രമീകരിച്ച് നിയമിക്കുകയും എന്നാൽ, 15.07.2023 മുതൽ 19.11.2023 വരെയുള്ള കാലയളവിൽ നേരിട്ട സേവനഭംഗം (Break in Service) ഒഴിവാക്കുന്നതിനായി തസ്തിക പുനഃസ്ഥാപിക്കുകയോ അല്ലെങ്കിൽ സങ്കല്പികമായി ലാവണ ക്രമീകരണം (Lien arrangement) നൽകി നിയമനാംഗീകാരം അനുവദിക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ട് സ്കൂൾ മാനേജർ പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. 2023-24 വർഷം സ്കൂളിൽ തസ്തിക നഷ്ടപ്പെട്ടതിനെത്തുടർന്ന്, 02.01.2022 മുതൽ 14.07.2023 വരെയുള്ള കാലയളവിലെ ശ്രീമതി ഷഹബാസിന്റെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിരുന്നുവെന്നും എന്നാൽ, നിലവിലുണ്ടായിരുന്ന ജൂനിയർ ലാംഗ്വേജ് ടീച്ചർ ശ്രീ മുഹമ്മദ് എം.കെ.പി.ക്ക് 20.11.2023 മുതൽ എച്ച്.എസ്.ടി ആയി സ്ഥാനക്കയറ്റം ലഭിക്കുകയും, ആ ഒഴിവിൽ ശ്രീമതി ഷഹബാസിനെ മാനേജർ ക്രമീകരിക്കുകയും ചെയ്തുവെന്നും ചട്ട

ഭേദഗതിയിലെ അപാകതകൾ കാരണം 15.07.2023 മുതൽ 30.09.2023 വരെയുള്ള കാലയളവിൽ തസ്തിക ഇല്ലാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും ഈ സേവനഭംഗം ഒഴിവാക്കാൻ സർക്കാർ തലത്തിൽ തീരുമാനം ആവശ്യമാണെന്നും, മാനേജർ പുനർക്രമീകരണം നടത്തിയ തീയതി അനുസരിച്ച് 01.10.2023 മുതൽ 19.11.2023 വരെയുള്ള കാലയളവ് നോൺ-ഡ്യൂട്ടിയായി മാത്രമേ കണക്കാക്കാൻ സാധിക്കൂ എന്നും സൂചന (2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത സ്കൂളിൽ പ്രൈമറി, ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലെ സംയുക്ത പീരിയഡുകൾ കണക്കിലെടുത്തും ലെഫ്റ്റ് ഓവർ പീരിയഡുകൾ കണക്കിലെടുത്തുമാണ് തസ്തിക അനുവദിക്കുന്നത് എന്നതിനാൽ 2023-24 വർഷം ടി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) തസ്തിക നഷ്ടപ്പെടുകയും, ഒരു എച്ച്.എസ്.ടി (അറബിക്) തസ്തിക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത് . 06.12.2021-ലെ സ.ഉ.(കൈ) നം.275/2021/പൊ.വി.വ ഉത്തരവ് എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി കാറ്റഗറി മാറ്റവുമായി ബന്ധപ്പെട്ട ഉത്തരവാണ്. പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളായതിനാൽ തസ്തികകളുടെ എണ്ണത്തിൽ വ്യത്യാസം വരുന്നില്ല എന്ന് കണക്കാക്കാനാവില്ല. അധിക എച്ച്.എസ്.ടി (അറബിക്) തസ്തിക 01.10.2023 നാണ് നിലവിൽ വരുന്നത്. ജൂലൈ 15 മുതൽ തന്നെ പ്രാബല്യത്തിൽ വരുന്നതാണ് എന്ന രീതിയിലോ അല്ലെങ്കിൽ ലോവർ പോസ്റ്റ് ജൂലൈ 15 മുതൽ സെപ്റ്റംബർ 30 വരെ നിലനിൽക്കും എന്ന തരത്തിലോ കണക്കാക്കാനാവില്ല. സംരക്ഷിത അധ്യാപികയല്ലാത്തതിനാൽ, ശ്രീമതി ഷഹബാസ് പി യുടെ 01.10.2023 മുതൽ 19.11.2023 വരെ സേവനഭംഗം നേരിടുന്ന കാലയളവ് 07/2022 ഉത്തരവ് പ്രകാരം നോൺ ഡ്യൂട്ടിയായി ക്രമീകരിക്കാൻ കഴിയുകയില്ല.

4. മേൽ സാഹചര്യത്തിൽ, ദീനുൽ ഇസ്‌ലാം സഭ ഹയർ സെക്കൻഡറി സ്കൂൾ ജൂനിയർ ലാംഗ്വേജ് (അറബിക്) അധ്യാപിക ശ്രീമതി ഷഹബാസ് പി.യുടെ 15.07.2023 മുതൽ 19.11.2023 വരെയുള്ള സേവനഭംഗം ഒഴിവാക്കുന്നതിനായി തസ്തിക പുനഃസ്ഥാപിക്കണമെന്നും അല്ലെങ്കിൽ സങ്കല്പികമായി ലാവണ ക്രമീകരണം (lien arrangement) നൽകി നിയമനാംഗീകാരം തുടർച്ചയായി അനുവദിക്കണമെന്ന ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ പ്രസ്തുത ആവശ്യം നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ജെ ശാലിനി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണ്ണൂർ.
മാനേജർ, ദീനുൽ ഇസ്ലാം സഭ ഹയർ സെക്കണ്ടറി സ്കൂൾ, കണ്ണൂർ സിറ്റി, കണ്ണൂർ.
ശ്രീമതി.ശ്രീമതി ഷഹബാസ് പി., ജൂനിയർ ലാംഗ്വേജ് (അറബിക്) ടീച്ചർ, ദീനുൽ ഇസ്ലാം സഭ ഹയർ സെക്കണ്ടറി സ്കൂൾ, കണ്ണൂർ സിറ്റി, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Pradeep Kumar. C. O
Date: 08-05-2026 16:02:46

സെക്ഷൻ ഓഫീസർ